**"ഭരണഭാഷ - മാതൃഭാഷ"**

നം:- DGE/21311/2025-A3

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 05-03-2026

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - പൊതു വിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾ അദ്ധ്യാപകരുടെ സംസ്ഥാനതല സീനിയോരിറ്റി പട്ടിക 01.01.2026 തീയതി പ്രാബല്യത്തിൽ താൽക്കാലികമായി പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്-

സൂചന :- 1. സർക്കാർ കത്ത് നം. സി4/143/2023 പൊ.വി.വ. തീയതി:05/07/2023.

2. ഈ കാര്യാലയത്തിൽ നിന്നുള്ള 05/11/2025 . തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

*******************

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ ഹൈസ്കൂൾ അദ്ധ്യാപകരുടേയും വിവരങ്ങൾ ഉൾപ്പെടുത്തി സംയോജിത സീനിയോരിറ്റി പട്ടിക തയ്യാറാക്കുന്നതിനും എല്ലാ വർഷവും ജനുവരി ഒന്ന് അടിസ്ഥാനമാക്കി പ്രസ്തുത സീനിയോരിറ്റി പട്ടിക പുതുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സൂചന (1) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിൽ ജോലി ചെയ്യുന്ന എല്ലാ ഹൈസ്കൂൾ അധ്യാപകരുടെയും വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് സൂചന (2) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും സർക്കുലർ നൽകിയിരുന്നു. ജില്ലകളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഹൈസ്കൂൾ അദ്ധ്യാപകരുടെ സീനിയോരിറ്റി പട്ടികയുടെ കരട് 01.01.2026 തീയതി പ്രാബല്യത്തിൽ താൽക്കാലികമായി പ്രസിദ്ധീകരിക്കുന്നു. **പ്രസ്തുത പട്ടിക എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും വ്യക്തമായി പരിശോധിക്കേണ്ടതും, കൂടാതെ അദ്ധ്യാപകരുടെ സീനിയോരിറ്റി കണക്കാക്കുന്ന തീയതി, പി.എസ്.സി അഡ്വൈസ് ക്രമ നമ്പർ, പേര്, ജനനതീയതി എന്നിവയും അദ്ധ്യാപകർ സീനിയോരിറ്റി ക്രമപ്രകാരമാണോ ഉൾപ്പെട്ടിട്ടുള്ളത് എന്നും മേൽ സീനിയോരിറ്റി പട്ടികയിൽ എല്ലാ അദ്ധ്യാപകരും ഉൾപ്പെട്ടിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതുമാണ്.** താൽക്കാലിക സീനിയോരിറ്റി പട്ടിക സംബന്ധിച്ച പരാതികൾ യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറകർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അന്തിമ പട്ടിക ഗസ്സറ്റിൽ പ്രസിദ്ധീകരിച്ചതിനുശേഷം പരാതികൾ സമർപ്പിക്കുന്ന പ്രവണത തീർത്തും ഒഴിവാക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ശ്രദ്ധിക്കേണ്ടതാണ്. **അല്ലാത്ത പക്ഷം ഇതുമായി ബന്ധപ്പെട്ട പരാതികളിന്മേലുള്ള മുഴുവൻ ഉത്തരവാദിത്വവും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ആയിരിക്കും എന്ന് ഓർമ്മിപ്പിക്കുന്നു.** പ്രസ്തുത പട്ടികയിൻമേലുള്ള

ആക്ഷേപങ്ങൾ 11/03/2026 തീയതി 5 pm ന് മുൻപായി ഈ കാര്യാലയത്തിലെ എ വിഭാഗത്തിൽ ഇ മെയിൽ മുഖേന അറിയിക്കേണ്ടതാണ്. **ഇ മെയിൽ വിലാസം supdta.dge@kerala.gov.in**).

Digitally signed by
Minimol D
Date: 05-03-2026
23:10:52

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
(ഗവ. അഡീഷണൽ സെക്രട്ടറി)
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

സ്വീകർത്താവ്:

1.എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2.എല്ലാ ജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും
3.ഡയറക്ടർ,സമഗ്ര ശിക്ഷ കേരളം,തിരുവനന്തപുരം.
4.ഡയറക്ടർ,എസ്.സി.ഇ.ആർ.റ്റി,തിരുവനന്തപുരം.
5.എല്ലാ ഡയറ്റ് പ്രിസിപ്പൽമാർക്കും,
6.എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും( വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
7.ഓഫീസ് കോപ്പി/കരുതൽ ഫയൽ.